**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 59** **23-01-2025 - ൽ മറുപടിയ്ക്ക്**

**രക്ഷാപ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ച ഹെലികോപ്റ്ററുകൾക്ക് വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതിദുരന്തമുണ്ടായ അവസരങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ച ഹെലികോപ്റ്ററുകൾക്ക് കേന്ദ്രസർക്കാർ വാടക ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്തു തുകയാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ പ്രകൃതി ദുരന്തങ്ങളിൽ എയർലിഫ്റ്റിങ്ങ് നടത്തിയ ഇനത്തിൽ ആകെ 132,61,98,733/- രൂപ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനെത്തുടർന്ന് സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ; | (ബി) | ഓഖി, പ്രളയം എന്നിവ കാരണം സംസ്ഥാനത്ത് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രളയവുമായി ബന്ധപ്പെട്ടുള്ള എയർ ബിൽ തുക അടയ്ക്കുന്നതിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്ന് ബഹു.മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭിച്ചിട്ടില്ല. |
| (സി) | ഹെലികോപ്റ്ററുകൾക്ക് വാടക ആവശ്യപ്പെട്ടത് സംബന്ധിച്ച് സർക്കാർ കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ കോടതി വ്യവഹാരങ്ങളുടെ വിശദാംശവും വിധിയും ലഭ്യമാക്കുമോ; | (സി) | ഹെലികോപ്റ്ററുകൾക്ക് വാടക ആവശ്യപ്പെട്ടത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചിട്ടില്ല. എന്നാൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റീഷൻ നം. 28509/2024 കേസിലെ ബഹു.ഹൈക്കോടതിയുടെ 10/01/2025 ലെ വിധിന്യായ പ്രകാരം നിലവിൽ എയർ ലിഫ്റ്റിംഗ് ചാർജ്ജായി നല്കേണ്ട 132.61 കോടി രൂപയിൽ നിന്ന് 120 കോടി രൂപ വയനാട് ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉടനടി ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി വിനിയോഗിക്കുന്നതിന് ബഹു.ഹൈക്കോടതി അനുമതി നല്കിയിട്ടുണ്ട്. |
| (ഡി) | എസ്.ഡി.ആർ.എഫ്. ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ മാനദണ്ഡങ്ങളിൽ കോടതി | (ഡി) | ഹെലികോപ്റ്ററുകൾക്ക് വാടക ആവശ്യപ്പെട്ടത് സംബന്ധിച്ച് സംസ്ഥാന സർക്കാർ കോടതിയെ |

| | | | |
|---|---|---|---|
| | ഇടപെട്ട് മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | സമീപിച്ചിട്ടില്ല. എന്നാൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട റിട്ട് പെറ്റീഷൻ നം. 28509/2024 കേസിലെ ബഹു.ഹൈക്കോടതിയുടെ 10/01/2025 ലെ വിധിന്യായ പ്രകാരം നിലവിൽ എയർ ലിഫ്റ്റിംഗ് ചാർജ്ജായി നല്കേണ്ട 132.61 കോടി രൂപയിൽ നിന്ന് 120 കോടി രൂപ വയനാട് ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉടനടി ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി വിനിയോഗിക്കുന്നതിന് ബഹു.ഹൈക്കോടതി അനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ